# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:07.01.2025**

### പ്രധാനവാർത്തകൾ

1. **രാജ്യത്ത് കുറ്റവാളികളെക്കുറിച്ചുള്ള വിവരങ്ങൾ കൃത്യതയോടും വേഗത്തിലും ലഭ്യമാക്കുന്നതിന് സിബിഐ വികസിപ്പിച്ച ഭാരത്പോൾ പോർട്ടൽ കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ ഉദ്ഘാടനം ചെയ്തു.**
2. **രാജ്യത്ത് HMPV വൈറസ് ബാധ സ്ഥിരീകരിച്ചതിനെ തുടർന്ന് പ്രതിരോധ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്താൻ സംസ്ഥാനങ്ങൾക്ക് നിർദ്ദേശം നൽകി കേന്ദ്ര ആരോഗ്യ മന്ത്രാലയം. സംസ്ഥാനത്തും അതീവ ജാഗ്രത.**
3. **രാജ്യ തലസ്ഥാനമായ ഡൽഹിയിൽ, നിയമസഭാ തെരഞ്ഞെടുപ്പിനുള്ള തീയതി ഇന്ന് പ്രഖ്യാപിക്കും.**
4. **രാജ്യത്തിന്റെ പുസ്തക തലസ്ഥാനം എന്ന പദവിക്ക് ഏറ്റവും യോഗ്യതയുള്ള സംസ്ഥാനം കേരളമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.**
5. **സിന്തറ്റിക് ലഹരി ഉൾപ്പെടെയുള്ള ലഹരിവസ്തുക്കൾ കേരളത്തിലേക്ക് കടത്തുന്ന അതിർത്തികൾ കേന്ദ്രീകരിച്ച് എക്സൈസ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുമെന്ന് മന്ത്രി എം ബി രാജേഷ്.**
6. **63-ആമത് സംസ്ഥാന സ്കൂൾ കലോത്സവത്തിന് നാളെ തിരുവനന്തപുരത്ത് തിരശീല വീഴും. കണ്ണൂർ ജില്ല ഒന്നാം സ്ഥാനത്ത്.**

==========================================

RNUTVPM

**ഉപരാഷ്ട്രപതി- കർണ്ണാടക**

ഉപരാഷ്ട്രപതി ജഗ്ദീപ് ധൻകർ ഇന്ന് കർണാടക സന്ദർശിക്കും. ക്ഷേത്ര ധർമ്മസ്ഥലയിൽ **ജ്ഞാനദീപ 2024-25** പരിപാടി ഉദ്ഘാടനം ചെയ്യുന്ന ഉപരാഷ്ട്രപതി മെഗാ ക്യൂ കോംപ്ലക്സും രാജ്യത്തിന് സമർപ്പിക്കും.

=========================================

**പ്രധാനമന്ത്രി -ആന്ധ്രാ, ഒഡിഷ**

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ രണ്ട് ദിവസത്തെ ആന്ധ്രാപ്രദേശ്, ഒഡീഷ സന്ദർശനം നാളെ ആരംഭിക്കും. ആന്ധ്രാപ്രദേശിലെ വിശാഖപട്ടണത്ത് രണ്ട് ലക്ഷം കോടി രൂപയുടെ വിവിധ വികസന പദ്ധതികളുടെ ഉദ്ഘാടനവും തറക്കല്ലിടലും പ്രധാനമന്ത്രി നിർവഹിക്കും. ഒഡീഷയിൽ 18-ാമത് പ്രവാസി ഭാരതീയ ദിവസ് സമ്മേളനം അദ്ദേഹം ഉദ്ഘാടനം ചെയ്യും. 'വികസിത ഭാരതത്തിനായുള്ള പ്രവാസികളുടെ സംഭാവന' എന്നതാണ് ഇത്തവണത്തെ സമ്മേളനത്തിന്റെ പ്രമേയം. 50-ലധികം രാജ്യങ്ങളിൽ നിന്നുള്ള ഇന്ത്യൻ പ്രവാസികൾ സമ്മേളനത്തിൽ പങ്കെടുക്കും.

RNU TVPM

=========================================

**ഭാരത് പോൾ പോർട്ടൽ**

സിബിഐ വികസിപ്പിച്ച ഭാരത്പോൾ പോർട്ടലിന്റെ ഉദ്ഘാടനം കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ ഇന്ന് ന്യൂഡൽഹിയിൽ നിർവ്വഹിച്ചു. കുറ്റാന്വേഷണവും, കുറ്റവാളികളുടെ കൈമാറ്റവുമായി ബന്ധപ്പെട്ട് റെഡ് നോട്ടീസുകളും മറ്റ് INTERPOL അറിയിപ്പുകളും ഉൾപ്പെടെ INTERPOL വഴിയുള്ള അന്താരാഷ്ട്ര സഹായത്തിനായുള്ള എല്ലാ അഭ്യർത്ഥനകളും BHARATPOL പോർട്ടൽ കാര്യക്ഷമമാക്കും. അഞ്ച് വിഭാഗങ്ങളായി പ്രവർത്തിക്കുന്ന ഭാരത് പോൾ പോർട്ടൽ അന്വേഷണ

ഏജൻസികളെ കൂടുതൽ ശക്തമാക്കും. കുറ്റവാളികളെപ്പറ്റിയുള്ള വിവരങ്ങൾ ഏറ്റവും കൃത്യമായും വേഗത്തിലും ലഭ്യമാക്കാൻ ഭാരത്പോൾ പോർട്ടലിലൂടെ സാധിക്കും. രാജ്യത്തെ കുറ്റാന്വേഷണ മേഖലയെ ലോകോത്തര നിലവാരത്തിലേക്ക് എത്തിക്കുവാൻ ഇതിലൂടെ സാധിക്കുമെന്നും ശ്രീ ഷാ പറഞ്ഞു. 2027 ഓടെ ലോകത്തിലെ മൂന്നാമത്തെ വലിയ സാമ്പത്തിക ശക്തിയാകാൻ ഇതിലൂടെ ഇന്ത്യക്ക് സാധിക്കുമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. വിശിഷ്ട സേവനത്തിനുള്ള രാഷ്ട്രപതിയുടെ പോലീസ് മെഡലുകളും അന്വേഷണത്തിലെ മികവിനുള്ള കേന്ദ്ര ആഭ്യന്തര മന്ത്രിയുടെ മെഡലും അദ്ദേഹം വിതരണം ചെയ്യും.

==========================================

**അമിത് ഷാ**

സിബിഐ വികസിപ്പിച്ച ഭാരത്പോൾ പോർട്ടൽ കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ ഇന്ന് ന്യൂഡൽഹിയിൽ ഉദ്ഘാടനം ചെയ്യും. കുറ്റാന്വേഷണവും, കുറ്റവാളികളുടെ കൈമാറ്റവുമായി ബന്ധപ്പെട്ട് റെഡ് നോട്ടീസുകളും മറ്റ് INTERPOL അറിയിപ്പുകളും ഉൾപ്പെടെ INTERPOL വഴിയുള്ള അന്താരാഷ്ട്ര സഹായത്തിനായുള്ള എല്ലാ അഭ്യർത്ഥനകളും BHARATPOL പോർട്ടൽ കാര്യക്ഷമമാക്കും. എല്ലാവർക്കും സുരക്ഷിതമായ ഒരു ഭാരതം കെട്ടിപ്പടുക്കുക എന്ന കാഴ്ചപ്പാട് നിറവേറ്റുന്നതിനായി ആരംഭിച്ച പുതിയ സംവിധാനത്തിലൂടെ ഇന്ത്യൻ അന്വേഷണ ഏജൻസികളുടെ ആഗോള വ്യാപനം വർധിപ്പിച്ച് അവർക്ക് മേഖലയിൽ മുൻതൂക്കം നൽകുമെന്നും ശ്രീ അമിത് ഷാ പറഞ്ഞു. വിശിഷ്ട സേവനത്തിനുള്ള രാഷ്ട്രപതിയുടെ പോലീസ് മെഡലുകളും അന്വേഷണത്തിലെ മികവിനുള്ള കേന്ദ്ര ആഭ്യന്തര മന്ത്രിയുടെ മെഡലും അദ്ദേഹം ചടങ്ങിൽ വിതരണം ചെയ്യും.

RNU TVPM

=====================================

## HMPV വൈറസ്

രാജ്യത്ത് HMPV വൈറസ് ബാധ സ്ഥിരീകരിച്ചതിനെ തുടർന്ന് നിലവിലെ സാഹചര്യം കേന്ദ്ര ആരോഗ്യ സെക്രട്ടറി വിലയിരുത്തി. പ്രതിരോധ പ്രവർത്തനങ്ങൾ സംബന്ധിച്ച് ജനങ്ങൾക്കിടയിൽ ബോധവത്കരണം ശക്തിപ്പെടുത്താൻ സംസ്ഥാനങ്ങൾക്ക് നിർദേശം നൽകിയിട്ടുണ്ട്. അതിനിടെ, മഹാരാഷ്ട്രയിൽ രണ്ട് പേർക്കും ഗുജറാത്തിൽ ഒരാൾക്കും കൂടി HMPV വൈറസ് ബാധ സ്ഥിരീകരിച്ചതോടെ ആകെ രോഗബാധിതരുടെ എണ്ണം 7 ആയി. കർണാടക, ചെന്നൈ എന്നിവിടങ്ങളിൽ 4 പേർക്ക് നേരത്തെ രോഗം കണ്ടെത്തിയിരുന്നു.

=====================================

## ലോകാരോഗ്യ സംഘടന -സൗമ്യ സ്വാമിനാഥൻ

HMPV വൈറസിന്റെ വ്യാപനത്തെ സംബന്ധിച്ച് ആശങ്കപ്പെടേണ്ട കാര്യമില്ലെന്ന് ലോകാരോഗ്യ സംഘടനയുടെ മുൻ ചീഫ് സയന്റിസ്റ്റ് ഡോ.സൗമ്യ സ്വാമിനാഥൻ പറഞ്ഞു. വൈറസ് പുതിയതല്ലെന്നും ചെറിയ അണുബാധകൾ മാത്രമേ ഉണ്ടാക്കുന്നുള്ളൂവെന്നും അവർ സമൂഹ മാധ്യമത്തിൽ കുറിച്ചു. ശുചിത്വം പാലിക്കണമെന്നും, മുൻകരുതൽ ഉണ്ടാകണമെന്നും ഡോ.സൗമ്യ സ്വാമിനാഥൻ പറഞ്ഞു. 2001-ലാണ് HMPV ആദ്യമായി കണ്ടെത്തിയത്. ചുമ, പനി, മൂക്കടപ്പ്, ശ്വാസതടസ്സം എന്നിവയാണ് എച്ച്എംപിവിയുമായി ബന്ധപ്പെട്ട ലക്ഷണങ്ങൾ.

=====================================

## എച്ച്.എം.പി.വി വൈറസ്-ആരോഗ്യമന്ത്രി

എച്ച്.എം.പി.വി വൈറസ് ബാധയ്ക്കെതിരെ കേരളം ഇതിനകം മുൻകരുതൽ നടപടി സ്വീകരിച്ചതായി ആരോഗ്യമന്ത്രി വീണാ ജോർജ്. തിരുവനന്തപുരത്ത് ആരോഗ്യ വകുപ്പിന്റെ

RNUTVPM

ഉന്നതതല യോഗം ചേർന്ന് സ്ഥിതിഗതികൾ വിലയിരുത്തി. ശ്വാസകോശ സംബന്ധമായ രോഗ ലക്ഷണങ്ങളുള്ളവർ മാസ്ക് ധരിക്കണമെന്നും കൃത്യമായ ചികിത്സ ഉറപ്പാക്കണമെന്നും ആരോഗ്യമന്ത്രി പറഞ്ഞു.

==========================================

## ഡൽഹി നിയമസഭാ തിരഞ്ഞെടുപ്പ്

ഡൽഹി നിയമസഭാ തെരഞ്ഞെടുപ്പ് തീയതി ഇന്ന് പ്രഖ്യാപിക്കും. 70 അംഗ നിയമസഭയുടെ കാലാവധി ഫെബ്രുവരി 23-ന് അവസാനിക്കും. ഭരിക്കുന്ന ആം ആദ്മി പാർട്ടി ദേശീയ തലസ്ഥാനത്തെ എല്ലാ അസംബ്ലി സീറ്റുകളിലേക്കും സ്ഥാനാർത്ഥികളെ പ്രഖ്യാപിച്ചു. ബിജെപി ഇതുവരെ 29 സ്ഥാനാർത്ഥികളെ പ്രഖ്യാപിച്ചു. **83 ലക്ഷത്തിലധികം** പുരുഷ വോട്ടർമാരും 71 ലക്ഷത്തിലധികം സ്ത്രീ വോട്ടർമാരും **ആയിരത്തി ഇരുനൂറ്റി 61** ട്രാൻസ് ജെൻഡേഴ്സും ഉൾപ്പെടെ ഡൽഹിയിൽ ആകെ **ഒരു കോടി 55 ലക്ഷത്തിലധികം** വോട്ടർമാരാണ് നിലവിലുള്ളത്. ഡൽഹി ചീഫ് ഇലക്ടറൽ ഓഫീസിന്റെ കണക്കുകൾ പ്രകാരം കഴിഞ്ഞ രണ്ട് മാസത്തിനിടെ 18-നും 19-നും ഇടയിൽ പ്രായമുള്ള **52,000** വോട്ടർമാരാണ് പുതുതായി ചേർന്നത്.

RNU TVPM

==========================================

## മുഖ്യമന്ത്രി, പുസ്തകോത്സവം –(ഇൻട്രോ)

രാജ്യത്തിന്റെ പുസ്തക തലസ്ഥാനം എന്ന പദവിക്ക് നേടാൻ ഏറ്റവും യോഗ്യതയുള്ള സംസ്ഥാനമാണ് കേരളമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. നിയമസഭയുടെ മൂന്നാമത് അന്താരാഷ്ട്ര പുസ്തകോത്സവം തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. സംസ്ഥാനത്തെ വിവിധ നഗരങ്ങളിൽ നടക്കുന്ന പുസ്തകോത്സവങ്ങൾ വായനയ്ക്ക്

സംസ്ഥാനം നൽകുന്ന പ്രാധാന്യത്തെയാണ് സൂചിപ്പിക്കുന്നതെന്നും മുഖ്യമന്ത്രി പറഞ്ഞു. കോഴിക്കോട് ലോക സാഹിത്യനഗരം എന്ന പദവി നേടിയത് പോലെ പുസ്തക തലസ്ഥാനമായി കേരളം മാറുമെന്ന് പ്രതീക്ഷിക്കുന്നതായും അദ്ദേഹം വ്യക്തമാക്കി.

**(മുഖ്യമന്ത്രി ബൈറ്റ് ..............................)**

പ്രശസ്ത സാഹിത്യകാരൻ എം മുകുന്ദന് മുഖ്യമന്ത്രി നിയമസഭാ അവാർഡ് സമ്മാനിച്ചു. ചടങ്ങിൽ മന്ത്രി ജി ആർ അനിൽ, പ്രതിപക്ഷ നേതാവ് വി ഡി സതീശൻ തുടങ്ങിയവർ സന്നിഹിതരായിരുന്നു. ഈ മാസം 13 വരെ നടക്കുന്ന പുസ്തക മേളയിൽ 160-ലേറെ ദേശീയ -അന്തർ ദേശീയ പ്രസാധകർ പങ്കെടുക്കുന്നുണ്ട്.

==========================================

**എം.ബി രാജേഷ് -പാലക്കാട്**

സിന്തറ്റിക് ലഹരി ഉൾപ്പെടെയുള്ള ലഹരിവസ്തുക്കൾ കേരളത്തിലേക്ക് കടത്തുന്ന അതിർത്തികൾ കേന്ദ്രീകരിച്ച് എക്സൈസ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുമെന്ന് മന്ത്രി എം ബി രാജേഷ് പറഞ്ഞു. ചിറ്റൂർ എക്സൈസ് കോംപ്ലക്സിന്റെ നിർമ്മാണ ഉദ്ഘാടനം നിർവഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി. പരിമിതമായ സാഹചര്യങ്ങളിൽ നിന്ന് മികച്ച പ്രവർത്തനമാണ് കേരളത്തിലെ എക്സൈസ് ജീവനക്കാർ നടത്തുന്നത്. ലഹരിക്കെതിരെയുള്ള പോരാട്ടം എക്സൈസിന്റെ മാത്രം ഉത്തരവാദിത്തമല്ല. അതിൽ ജനങ്ങളും പങ്കാളികളാവണമെന്നും മന്ത്രി പറഞ്ഞു. ചിറ്റൂർ മിനി സിവിൽ സ്റ്റേഷനിൽ നടന്ന ചടങ്ങിൽ വൈദ്യുതിമന്ത്രി കെ. കൃഷ്ണൻകുട്ടി അധ്യക്ഷത വഹിച്ചു.

==========================================

RNIUTVPM

**നേപ്പാൾ ഭൂകമ്പം**

നേപ്പാൾ തലസ്ഥാനമായ കാഠ്മണ്ഡുവിൽ ശക്തമായ ഭൂചലനം. ഇന്ന് പുലർച്ചെ 6:50 നാണ് ഉണ്ടായത്. ടിബറ്റിലെ ഡിംഗി കൗണ്ടിയാണ് ഭൂകമ്പത്തിന്റെ പ്രഭവകേന്ദ്രം. ജനങ്ങൾ ജാഗ്രത പാലിക്കാനും സുരക്ഷിതരായിരിക്കാനും നേപ്പാൾ പ്രധാനമന്ത്രി കെപി ശർമ ഒലി അഭ്യർത്ഥിച്ചു.

ഇന്ത്യയിൽ ഡൽഹി, ബിഹാർ, അസം, പശ്ചിമബംഗാൾ എന്നീ സംസ്ഥാനങ്ങളിൽ ഭൂകമ്പത്തിന്റെ പ്രകമ്പനം നേരിയ തോതിൽ അനുഭവപ്പെട്ടു.

==========================================

**ഭൂകമ്പം-മരണം**

ഭൂകമ്പത്തിൽ നേപ്പാൾ - ടിബറ്റ് അതിർത്തിയിൽ 53 പേർ മരിച്ചതായി റിപ്പോർട്ട്. **7.1** തീവ്രത രേഖപ്പെടുത്തിയ ഭൂകമ്പത്തിൽ നിരവധി പേർക്ക് പരിക്കേറ്റു.

==========================================

**കൂടിക്കാഴ്ച – ഗവർണർ**

ഗവർണർ രാജേന്ദ്ര അർലേക്കർ സർവകലാശാല വൈസ് ചാൻസലർമാരുമായി തിരുവനന്തപുരത്ത് ഇന്ന് കൂടിക്കാഴ്ച നടത്തും. ഗവർണറായി ചുമതലയേറ്റതിന്റെ പശ്ചാത്തലത്തിലാണ് കൂടിക്കാഴ്ച.

==========================================

**നീറ്റ് പി ജി**

നീറ്റ് പി ജി യോഗ്യതാ മാനദണ്ഡത്തിൽ കേന്ദ്ര ആരോഗ്യ മന്ത്രാലയം ഇളവ് വരുത്തിയതിൻറെ പശ്ചാത്തലത്തിൽ പുതിയ മാനദണ്ഡ പ്രകാരം യോഗ്യത നേടിയവർക്ക് സംസ്ഥാന പി ജി മെഡിക്കൽ കോഴ്സുകൾക്ക് അപേക്ഷിക്കാം.

RNU TVPM

നാളെ വൈകുന്നേരം മൂന്ന് മണിവരെയാണ് ഓൺലൈൻ അപേക്ഷ നൽകേണ്ടത്. വിശദ വിവരങ്ങൾ cee.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

=============================================

**സ്കൂൾ കലോത്സവം – (ഇൻട്രോ)**

63-ആമത് സംസ്ഥാന സ്കൂൾ കലോത്സവത്തിന് നാളെ തിരുവനന്തപുരത്ത് തിരശീല വീഴും. വൈകുന്നേരം 5 മണിക്ക് സെൻട്രൽ സ്റ്റേഡിയത്തിൽ നടക്കുന്ന സമാപന ചടങ്ങ് പ്രതിപക്ഷ നേതാവ് വി.ഡി സതീശൻ ഉദ്ഘാടനം ചെയ്യും. കലോത്സവത്തിന്റെ നാലാം ദിനമായ ഇന്ന് 25 വേദികളിലും മത്സരങ്ങൾ പുരോഗമിക്കുകയാണ്.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി**
**തിരുവനന്തപുരം ജില്ലാ പ്രതിനിധി രെജു കോലിയക്കോട്...........**
**(വോയിസ്.............)**

=============================================

**ഓഹരി + സ്വർണ്ണം**

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം. സെൻസെക്സ് 205 പോയിൻറ് നേട്ടത്തിൽ 78,170 ലും, നിഫ്റ്റി 97 പോയിൻറ് ഉയർന്ന് 23,719 ലും വ്യാപാരം തുടരുന്നു. സ്വർണവിലയിൽ മാറ്റമില്ല. പവന് 57,720 രൂപയും ഗ്രാമിന് 7,215 രൂപയുമാണ് ഇന്നത്തെ വില.

=============================================

**പത്തനംതിട്ട – (ഇൻട്രോ)**

ശബരിമല സന്നിധാനത്ത് തിരക്ക് തുടരുന്നു. ഇന്ന് നട തുറന്നത് മുതൽ രാവിലെ 10 വരെ **35,000-ത്തിലേറെ** പേർ ദർശനം നടത്തി. തിരുവാഭരണ ഘോഷയാത്ര 12-ന് ഉച്ചയ്ക്ക് പന്തളത്ത് നിന്ന് പുറപ്പെടും.

RNU TVPM

**വിശദാംശങ്ങളുമായി ആകാശവാണി**
**പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി എസ് ശ്രീധർ...**
**(വോയിസ്....................)**

==========================================

**ശിക്ഷ വിധിച്ചു**

കണ്ണപുരം ചുണ്ടയിലെ സിപിഐ എം പ്രവർത്തകൻ റിജിത്തിനെ കൊലപ്പെടുത്തിയ കേസിൽ ഒൻപത് ബിജെപി ആർഎസ്എസ് പ്രവർത്തകർക്ക് ജീവപര്യന്തം ശിക്ഷ വിധിച്ചു. തലശ്ശേരി അഡീഷണൽ സെഷൻസ് കോടതിയുടേതാണ് വിധി. 10 പേരായിരുന്നു കേസിലെ പ്രതികൾ. മൂന്നാം പ്രതി സംഭവ ശേഷം മരിച്ചു. 2005 ഒക്ടോബറിലായിരുന്നു കേസിനാസ്പദമായ സംഭവം.

RNU TVPM

====================

============================

==========================================